ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന് അഞ്ചു ദിവസം ശേഷിക്കെ പ്രചാരണം ഊർജിതം. പ്രധാനമന്ത്രിയും ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് തിരുവനന്തപുരത്തും തിരുവല്ലയിലും പ്രചാരണത്തിൽ ; കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സിപിഎം ജനറൽ സെക്രട്ടറി എം എ ബേബിയും പ്രചാരണ രംഗത്ത്.

   **Campaign intensifies with five days to go for the Kerala Legislative Assembly elections. Prime Minister and BJP leader Narendra Modi campaigns today in Thiruvananthapuram and Tiruvalla; Congress leader Rahul Gandhi and CPM General Secretary M.A. Baby also active in the campaign.**

2. കേരളം, പുതുച്ചേരി, തമിഴ്നാട്, അസം, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ വോട്ടെടുപ്പ് ദിവസം വോട്ടർമാർക്ക് ശമ്പളത്തോടെയുള്ള അവധി നൽകാൻ നിർദേശിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **ECI directs paid holiday for voters in Kerala, Tamil Nadu, West Bengal, Assam, and Puducherry.**

3. തമിഴ്നാട്ടിൽ നാമനിർദ്ദേശ പത്രിക സമർപ്പണം മറ്റന്നാൾ അവസാനിക്കും. പശ്ചിമ ബംഗാളിൽ ഉദ്യാഗസ്ഥരെ ബന്ധികളാക്കിയ സംഭവം അന്വേഷിക്കുന്നതിനായി 40 അംഗ എൻഐഎ സംഘം സ്ഥലത്തെത്തി.

   **The submission of nomination papers in Tamil Nadu concludes tomorrow. Forty member NIA team reaches West Bengal to probe siege of Judicial Officials.**

4. ഇന്ത്യയുടെ എൽപിജി വിതരണം സുഗമമായി തുടരുന്നതായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. സംസ്ഥാനത്ത് പ്രകൃതി വാതകം ആവശ്യത്തിന് ലഭ്യമെന്ന് എണ്ണക്കമ്പനികൾ.

   **Indian Oil Corporation assures smooth LPG supply in India. Oil companies confirm that natural gas is available in sufficient quantities in the state.**

5. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. അബുദാബിയിലെ അജ്ബാനിൽ, മിസൈൽ അവശിഷ്ടങ്ങൾ വീണ് അഞ്ച് ഇന്ത്യക്കാരുൾപ്പടെ 12 പേർക്ക് പരിക്ക്.

   **Tensions continue to escalate in the Middle East. In Abu Dhabi's Ajban, missile debris has injured 12 people, including five Indians.**

6. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ പഞ്ചാബ് കിംഗ്സിന് 5 വിക്കറ്റ് ജയം.

   **In IPL cricket, Punjab Kings defeat Chennai Super Kings by 5 wickets.**

## ELECTION KERALA (INTRO)

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിൽ വോട്ടെടുപ്പിന് അഞ്ചു ദിവസം ശേഷിക്കെ പ്രചാരണം ശക്തമാക്കി മുന്നണികൾ. പ്രചാരണത്തിന്റെ അന്തിമ ഘട്ടത്തിന്റെ ആവേശത്തിലാണ് കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

(VOICE)

## PM KERALA VISIT

പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് സംസ്ഥാനത്ത് സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി. ചങ്ങനാശ്ശേരി പെരുന്ന എൻ.എസ്.എസ് കോളജ്, കോണ്ടൂർ ബാക്ക് വാട്ടേഴ്സ് ഹോട്ടൽ ആൻഡ് റിസോർട്സ് എന്നിവയുടെ വ്യോമപരിധിയിലും കോട്ടയം ജില്ലയിലെ ഹെലിപ്പാഡുകളിലും ഹെലികോപ്റ്ററുകളും ഡ്രോണുകളും പറത്തുന്നത് നിരോധിച്ചു. ഇന്ന് പുലർച്ചെ 12 മുതൽ 24 മണിക്കൂറാണ് നിരോധനം.

തിരുവല്ലയിലും തിരുവനന്തപുരത്തും ഗതാഗത ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

## EC - PAID HOLIDAY

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന കേരളം, പുതുച്ചേരി, തമിഴ്നാട്, അസം, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ വോട്ടെടുപ്പ് ദിവസം ശമ്പളത്തോടെയുള്ള അവധി നൽകാൻ നിർദേശിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വ്യാപാര, വ്യാവസായിക സ്ഥാപനങ്ങളിലെ ഉൾപ്പടെ ജീവനക്കാർക്ക് വോട്ടെടുപ്പ് ദിവസം ശമ്പളത്തോടെയുള്ള അവധി നൽകേണ്ടതാണ്. എല്ലാ ദിവസ വേതന തൊഴിലാളികൾക്കും താൽക്കാലിക ജീവനക്കാർക്കും അവധിക്ക് അർഹതയുണ്ട്. വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ നടപടി എടുക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി.

## TN-NOMINATIONS

തമിഴ്നാട്ടിൽ നാമനിർദ്ദേശ പത്രിക സമർപ്പണം മറ്റന്നാൾ അവസാനിക്കും. 234 മണ്ഡലങ്ങളിലേക്ക് ഈ മാസം 23 ന് ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്. അതേസമയം 27 സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികളെ ബി ജെ പി. ഇന്നലെ പ്രഖ്യാപിച്ചു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ, തെലങ്കാന, പുതുച്ചേരി മുൻ ഗവർണർ തമിഴിസൈ സൗന്ദർരാജൻ, സംസ്ഥാന ബിജെപി മേധാവി നൈനാർ നാഗേന്ദ്രൻ എന്നീ പ്രമുഖർ പട്ടികയിൽ ഉൾപ്പെടുന്നു. 28 നിയമസഭാ സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികളെ കോൺഗ്രസും ഇന്നലെ പ്രഖ്യാപിച്ചു.

## EC- DIRECTIVES

പശ്ചിമ ബംഗാളിൽ സ്വതന്ത്രവും, നീതിയുക്തവും, നിഷ്പക്ഷവുമായ നിയമസഭാ തിരെഞ്ഞെടുപ്പ് ഉറപ്പാക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. അക്രമം, ഭീഷണി, എന്നിവയിൽ നിന്ന് മുക്തമായി തിരഞ്ഞെടുപ്പ് നടത്തണമെന്നും കമ്മീഷണൻ നിർദ്ദേശം നൽകി. ചീഫ് സെക്രട്ടറി, പോലീസ് ഡയറക്ടർ ജനറൽ, കൊൽക്കത്ത പോലീസ് കമ്മീഷണർ, ഡിവിഷണൽ കമ്മീഷണർമാർ, അഡീഷണൽ ഡയറക്ടർ ജനറൽമാർ,

ഐജിമാർ, ജില്ലാ മജിസ്ട്രേറ്റുമാർ, സിപിമാർ, ഉൾപ്പടെയുള്ള മുതിർന്ന ഓഫിസർമാർക്കാണ് നിർദേശം നൽകിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## EC - CAPF

പശ്ചിമ ബംഗാളിൽ നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ് പൂർത്തിയായതിനുശേഷവും കേന്ദ്ര സായുധ പോലീസിൻറെ അഞ്ഞൂറ് കമ്പനി സേനയെ ക്രമസമാധാന ചുമതലകൾക്കായി വിന്യസിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇവിഎം, സ്ട്രോങ് റൂം, വോട്ടെണ്ണൽ കേന്ദ്രം എന്നിവയുടെ സുരക്ഷാ ക്രമീകരണങ്ങൾക്കായി ഇരുനൂറ് കമ്പനി സേനയെ അധികമായി സംസ്ഥാനത്ത് നിലനിർത്തുമെന്നും കമ്മീഷൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MORN. WB NIA

പശ്ചിമ ബംഗാളിലെ മാൽഡ ജില്ലയിൽ ഉദ്യാഗസ്ഥരെ ബന്ധികളാക്കിയ സംഭവത്തിൽ അറസ്റ്റിലായ മൊഫാക്കറുൽ ഇസ്ലാമിന് 14 ദിവസത്തെ പോലീസ് കസ്റ്റഡിയും അക്രമിൽ ബഗാനിക്ക് 6 ദിവസത്തെ പോലീസ് കസ്റ്റടിക്കും ഉത്തരവിട്ട് കോടതി. BDO യെ ഖെരാവോ ചെയ്യുന്നതിനായി ജനക്കൂട്ടത്തെ പ്രകോപിപ്പിച്ചുവെന്ന് ആരോപിച്ചാണ് ഇരുവരെയും അറസ്റ്റ് ചെയ്തത്. അതേസമയം സംഭവം അന്വേഷിക്കുന്നതിനായി ദേശീയ അന്വേഷണ ഏജൻസിയുടെ 40 അംഗ സംഘം സ്ഥലത്തെത്തി. ഉദ്യോഗസ്ഥരെ രക്ഷിക്കാൻ ശ്രമിച്ച കേന്ദ്ര സേനയ്ക്ക് നേരെ നടന്ന ആക്രമണത്തെക്കുറിച്ചും എൻഐഎ അന്വേഷിക്കുമെന്ന് അധികൃതർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## HOME VOTING

നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് 2 ലക്ഷത്തോളം പേർ ഹോം വോട്ടിംഗ് രേഖപ്പെടുത്തി. ഇന്നലെവരെ ആകെ 1 ലക്ഷത്തി 99,819 പേരാണ് ഹോംവോട്ടിംഗിലൂടെ സമ്മതിദാനവകാശം വിനിയോഗിച്ചത്. ഭിന്നശേഷിക്കാർക്കും 85 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കു മാണ് ഹോം വോട്ടിംഗിന് അവസരമുള്ളത്.

## POSTAL BALLOT VOTE

പോസ്റ്റൽ ബാലറ്റിൽ വോട്ട് ചെയ്യുത് ഫേസ്ബുക്കിലൂടെ പ്രദർശിപ്പിച്ച പത്തനംതിട്ട അടൂർ സ്വദേശി രാജീവ് തെങ്ങമത്തിനെതിരെ കേസെടുക്കാൻ ജില്ല തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ പൊലിസിന് നിർദേശം നൽകി. ഏപ്രിൽ രണ്ടിന് രാത്രിയിലാണ് വോട്ട് ചെയ്യു പോസ്റ്റൽ ബാലറ്റിന്റെ ചിത്രം ഫേസ്ബുക്കിലൂടെ പ്രദർശിപ്പിച്ചത്.

## LPG SUPPLY INDIAN OIL

പശ്ചിമേഷ്യയിലെ സംഭവവികാസങ്ങൾക്കിടയിലും ഇന്ത്യയുടെ എൽപിജി വിതരണം സുഗമമായി തുടരുന്നതായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. വീടുകളിലേക്ക് തടസ്സമില്ലാതെ എൽപിജി വിതരണം നടക്കുന്നതായും നിലവിൽ പ്രതിദിനം 28 ലക്ഷം എൽപിജി സിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ടെന്നും ഇന്ത്യൻ ഓയിൽ പ്രസ്താവനയിൽ അറിയിച്ചു. എൽപിജി റീഫില്ലുകൾ ബുക്ക് ചെയ്യുന്നതിന് എസ്എംഎസ്, ഐവിആർഎസ് പോലുള്ള ഡിജിറ്റൽ മാർഗങ്ങൾ ഉപയോഗിക്കാൻ കമ്പനി നിർദ്ദേശിച്ചു. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി, എൽപിജി വിതരണക്കാരിൽ പരിശോധന ഊർജിതമാക്കാൻ നടപടി സ്വീകരിച്ചതായും കമ്പനി അറിയിച്ചു.

## KERALAM -FUEL

സംസ്ഥാനത്ത് എൽപിജി, പെട്രോൾ, ഡീസൽ എന്നിവ ആവശ്യത്തിന് ലഭ്യമാണെന്ന് പൊതുജനങ്ങൾക്ക് ഉറപ്പ് നൽകി എണ്ണക്കമ്പനികൾ. ഉപഭോക്താക്കൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും, തങ്ങളുടെ വിതരണ ശൃംഖലയിലൂടെ എൽപിജി റീഫില്ലുകൾ സുഗമമായും കൃത്യസമയത്തും നല്കാൻ പ്രതിജ്ഞാബദ്ധമാണെന്നും എല്ലാ ഓയിൽ മാർക്കറ്റിംഗ് കമ്പനികൾക്കും വേണ്ടി, ഓയിൽ ഇൻഡസ്ട്രി - കേരള സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചു. സംസ്ഥാനത്തുടനീളമുള്ള ചില്ലറ വില്പനശാലകളിലും സംഭരണ കേന്ദ്രങ്ങളിലും ആവശ്യത്തിന് പെട്രോൾ, ഡീസൽ സ്റ്റോക്കുകൾ ലഭ്യമാണെന്ന് കമ്പനികൾ ഉറപ്പുനല്കി.

## WEST ASIA CONFLICT (INTRO)

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാനെതിരെ യുഎസും ഇസ്രായേലും ആക്രമണം കടുപ്പിച്ചിരിക്കുകയാണ്. ഇറാനും പ്രത്യാക്രമണം ശക്തമാക്കിയതോടെ ഗൾഫ് മേഖലയിലുടനീളമുള്ള സിവിലിയൻ-വ്യവസായ കേന്ദ്രങ്ങളിലേക്ക് ആക്രമണം വ്യാപിച്ചു.
വിശദാംശങ്ങളിലേക്ക് .....
(ഹോൾഡ് വോയ്സ്.........)

കുവൈറ്റിലെ ഒരു വൈദ്യുതി-ജല ശുദ്ധീകരണ പ്ലാന്റിന് നേരെയും ഇറാന്റെ ആക്രമണമുണ്ടായി. ആക്രമണത്തിൽ പ്ലാന്റിന്റെ ചില ഭാഗങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും സുരക്ഷാ ഉദ്യോഗസ്ഥരുമായി സഹകരിച്ച് പ്ലാൻറിൻറെ സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും അധികൃതർ വ്യക്തമാക്കി. അമേരിക്കയുടെ രണ്ടാമത്തെ എഫ്- 35 വിമാനവും വെടിവയ്ച്ചിട്ടതായി ഇറാൻ അറിയിച്ചു. അതേസമയം തെഹ്റാനിലെ ഒരു പാലത്തിലുണ്ടായ ആക്രമണത്തിൽ എട്ട് പേർ കൊല്ലപ്പെടുകയും 100 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അബുദാബിയിലെ അജ്ബാനിൽ വ്യോമാക്രമണങ്ങൾ തടയുന്നതിനിടെ അവശിഷ്ടങ്ങൾ പതിച്ച് 5 ഇന്ത്യാക്കാർ ഉൾപ്പടെ 12 പേർക്ക് പരിക്കേറ്റു. അതിനിടെ ഇറാൻ ആക്രമണങ്ങളിൽ നിന്ന് ഹോർമൂസ് കടലിടുക്കിനെ സംരക്ഷിക്കുന്ന തിനായി പ്രതിരോധ സേനയെ ഉപയോഗിക്കാൻ അനുമതി നൽകുന്ന പ്രമേയത്തിന്മേലുള്ള വോട്ടെടുപ്പ് ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിൽ മാറ്റിവച്ചു. ബഹറിനാണ് പ്രമേയം കൊണ്ടുവന്നത്. 15 അംഗ സമിതി ഇന്നലെയാണ് വോട്ടെടുപ്പ് നടത്താനിരുന്നത്. ദുഖവെള്ളി പ്രമാണിച്ചാണ് വോട്ടെടുപ്പ് മാറ്റിവച്ചത്.
ന്യൂസ് ഡെസ്ക് ആകാശവാണി.

## STRAIT OF HORMUZ CROSSINGS

കഴിഞ്ഞ മാസം ആകെ 220 കപ്പലുകൾ ഹോർമുസ് കടലിടുക്കിലൂടെ കടന്നു പോയെന്നും ഇതിൽ പകുതിയിൽ കൂടുതലും ദ്രാവക ടാങ്കറുകൾ ആയിരുന്നെന്നും അന്താരാഷ്ട്ര കപ്പൽ ട്രാക്കിംഗ് സംഘടന മറൈൻ ട്രാഫിക്. ആകെയുള്ളതിന്റെ 51ശതമാനം ദ്രാവക ടാങ്കറുകളും, 37 ശതമാനം ഡ്രൈ

ബൾക് കപ്പലുകളും, 12 ശതമാനം LPG ടാങ്കറുകളും ആയിരുന്നു എന്നും സംഘടന വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

# REV. AFGHAN QUAKE

-

അഫ്ഗാനിസ്ഥാനിലെ ഹിന്ദുകുഷ് മേഖലയിൽ ശക്തമായ ഭൂകമ്പം. 5.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ കാബൂൾ പ്രവിശ്യയിലെ ബഗ്രാമി ജില്ലയിൽ എട്ട് പേർ കൊല്ലപ്പെട്ടു. ഒരാൾക്ക് പരിക്കേറ്റു. ഒരാളെ കണ്ടെത്താനുണ്ട്. പാകിസ്ഥാനിലെ വിവിധ ഭാഗങ്ങളിലും കശ്മീരിലും ഡൽഹി ദേശീയ തലസ്ഥാന മേഖലയിലും നോയിഡ, ലുധിയാന ഉൾപ്പടെയുള്ള വടക്കെ ഇന്ത്യൻ പ്രദേശങ്ങളിലും പ്രകമ്പനം അനുഭവപ്പെട്ടു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

# IPL

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ പഞ്ചാബ് കിംഗ്സിന് 5 വിക്കറ്റ് ജയം. ചെന്നൈ ഉയർത്തിയ 210 റൺ വിജയലക്ഷ്യം 8 പന്ത് ബാക്കി നിൽക്കെ 5 വിക്കറ്റ് നഷ്ടത്തിൽ പഞ്ചാബ് മറികടന്നു. ഇന്ന് വൈകുന്നേരം 3.30ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസും രാജസ്ഥാൻ റോയൽസും തമ്മിൽ ഏറ്റുമുട്ടും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸